# MAR IVANIOS COLLEGE (AUTONOMOUS)
# THIRUVANANTHAPURAM

**Reg. No. :…………………** **Name :………………….**

**First Semester B.A. / B.Sc. Degree Examination, November 2016**

**First Degree Programme under CBCSS**

**Additional Language: Malayalam – I**

**AUML111.1 / AUML111.2: Malayala Kavitha**

( *Common for* ***Regular*** *– 2016 Admn. and* ***Improvement*** *– 2015 Admn.* )

Time: **3** Hours Max. Marks: **80**

## SECTION – A

*എല്ലാ ചോദ്യത്തിനും ഒരു വാക്കിലോ രണ്ടു വാക്യത്തിൽ കവിയാതെ യാ ഉത്തരമെഴുതുക.*

1. പാർത്ഥസാരഥീവർണ്ണനത്തെ സജീവമാക്കുന്ന വൈകാരികഭാവമെന്ത് ?
2. ഏതു കൃതിയെ ആധാരമാക്കിയാണ് കുമാരനാശാൻ 'കരുണ'യുടെ ഇതിവൃത്തം രൂപപ്പെടുത്തിയത് ?
3. ഏതു കവിയുടെ കവിതയാണ് 'എല്ലുറപ്പുള്ള കവിത', 'കാച്ചിക്കുറുക്കിയ കവിത' എന്നൊക്കെ വിശേഷിപ്പിക്കപ്പെട്ടത് ?
4. 'കൂട്ടുകൃഷി' എന്ന നാടകം രചിച്ച കവി ?
5. 'കണ്ണീരിൽ നനയും വീണാ-<br>തന്ത്രിമീട്ടാൻ ശ്രമിക്കയാൽ<br>താനുണ്ടാക്കിയ പാട്ടമ്പേ<br>മറന്നേ പോയ സുന്ദരി' ഏതു കഥാപാത്രത്തെക്കുറിച്ചാണ് പരാമർശം ?
6. 'വാളല്ലെൻ സമരായുധം' എന്നു പ്രഖ്യാപിച്ച കവി ?
7. ഏതു ചരിത്രസംഭവത്തിന്റെ പശ്ചാത്തലത്തിൽ എഴുതപ്പെട്ട കവിതയാണ് 'അഗ്നിശലഭ ങ്ങൾ' ?

8. മലയാളത്തിൽ ആധുനികതയ്ക്കു തുടക്കംകുറിച്ചതെന്നു പറയപ്പെടുന്ന 'കുരുക്ഷേത്രം' എന്ന കവിത രചിച്ചതാര് ?
9. 'സൂര്യശില' എന്ന പേരിൽ ഒക്ടോവിയോ പാസിന്റെ കവിത തർജ്ജമ ചെയ്ത കവി ?
10. 'നീരൊഴുക്കിന്റെ നൂൽബന്ധമില്ലാതെ
നീണ്ടു കിടക്കുന്നവളെ' - ആരെക്കുറിച്ചാണ് ഈ പരാമർശം ?

**(10 × 1 = 10 Marks)**

## SECTION – B

***ഒരു** ഖണ്ഡികയിൽ കവിയാതെ ഏതെങ്കിലും **എട്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.*

11. 'പലതുമിങ്ങനെ നവനവരസ-
മിടയിടക്കൂടിക്കലർന്നനേത്രവും'' - നേത്രങ്ങളിൽ തെളിയുന്ന ഏതെല്ലാം ഭാവങ്ങളെയാണ് കവി ചിത്രീകരിക്കുന്നത് ?
12. ''അർത്ഥഭാണ്ഡങ്ങൾതൻ കനം കുറഞ്ഞുപോകുന്നു, തോഴീ-
യിത്തനുകാന്തിതൻ വിലയിടിഞ്ഞിടുന്നു''. സന്ദർഭവും ആശയവും വിശദീകരിക്കുക.
13. ''മുനിമാരും മുകരാത്ത സുഖചക്രവാളം
പുണരുന്നൂ പുളകിതം മമജീവനാളം''- എന്തനുഭവത്തെയാണ് ഇവിടെ വിവരിക്കുന്നത് ?
14. 'വെൺനര കലർന്നവളല്ല നീയെൻ കണ്ണിന്നു
'കണ്വമാമുനിയുടെ കന്യ'യാമാരോമലാൾ'- സന്ദർവും സൂചിതവും വിശദമാക്കുക.
15. 'ഭാഗ്യം കെടില്ലൊരു, നാട്ടിനു, മുണ്ടയൽ
പക്കങ്ങളെങ്കിൽസ്സഹകരിച്ചീടുവാൻ' - സൂചനയെന്ത് ?
16. ''വജ്രം തുളച്ചിരിക്കുന്ന
രത്നങ്ങൾക്കുള്ളിലൂടെ ഞാൻ
കടന്നുപോന്നൂ ഭാഗ്യത്താൽ;
വെറും നൂലായിരുന്നു ഞാൻ.'' - സൂചന വിശദമാക്കുക.
17. ''ഉടവാളുരുക്കി ഞാൻ വീണതീർത്തത്, നാവി-
ലുറക്കുപാട്ടുംപാടി സഞ്ചരിക്കുവാനല്ല'' - ഏതു കവിയുടെ വാക്കുകൾ ? ആശയം വിശദമാക്കുക.
18. 'നിർഭയമനസ്സുകൾക്കുത്തുംഗ ശിരസ്സുകൾ-
ക്കർപ്പിച്ച തേജോമയ ദർശനസൗന്ദര്യങ്ങൾ' - സൂചനയെന്ത് ?

19. 'നഗ്നചന്ദ്രികയിലെൻ മനസ്സേ നീയും പൂർണ്ണ-
മഗ്നമായ് മറഞ്ഞിരുന്നൊരു ഗീതകം ചൊല്ലൂ' - എന്തിനെക്കുറിച്ചുള്ള ഗീതകം ?

20. 'ഇരുളിലപ്പോഴുദിക്കുന്നു നിന്മുഖം
കരുണമാം ജനനാന്തരസാന്ത്വനം' - എന്തിനെക്കുറിച്ചാണ് പരാമർശം ?

21. ''തുപ്പുന്ന പാവക്കവിളത്തടിക്കുവാൻ
മറ്റൊന്നു വച്ചതാം കാലം'' - സൂചിതമെന്ത് ?

22. 'പെറ്റുകിടക്കും തെരുവുപട്ടിക്കെന്തൊ-
രൂറ്റം, കുരച്ചത്ചാടിക്കുതിക്കുന്നു.' - ധ്വനി വിശദമാക്കുക.

**(8 × 2 = 16 Marks)**

## SECTION – C

*120 വാക്കിൽ കവിയാതെ ഏതെങ്കിലും **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക.*

23. ഉണ്ണിയാർച്ച ചന്തുവിനെ അനുനയിപ്പിക്കാൻ നടത്തുന്ന ശ്രമങ്ങളെ വടക്കൻപാട്ടിൽ വിവരിക്കുന്നതെങ്ങനെ ?

24. 'എന്നുടെ ഹൃദയംതന്നിലിരിക്കും പോലെയമ്മണിരഥംതന്നിലകം കുളുർക്കവേ' എന്ന പരാമർശം പാർത്ഥസാരഥീവർണ്ണനത്തിനു നൽകുന്ന മാനമെന്ത് ?

25. 'കാവ്യനർത്തകി' എന്ന കവിതയെ ചേതോഹരമാക്കുന്ന ഘടകങ്ങൾ എന്തെല്ലാം ?

26. വാസവദത്തയിലെ പ്രണയഭാവത്തെ കുമാരനാശാൻ ആവിഷ്ക്കരിച്ചതെങ്ങനെ ?

27. 'കാളിദാസന്റെ കാവ്യപ്രപഞ്ചത്തിന്റെ ആത്മാവായി അക്കിത്തം മേഘത്തെ കാണുന്നു'. ശരിയോ ?

28. കവിതയെക്കുറിച്ചുള്ള എന്തു നിലപാടാണ് 'ദന്തഗോപുരത്തിലേക്കൊരു കത്ത്' എന്ന കവിതയിൽ വെളിപ്പെടുന്നത് ?

29. 'ആത്മസമർപ്പണത്തിന്റെ വികാരതീവ്രത അനുഭവപ്പെടുത്തുന്ന കവിതയാണ് അഭിസാരിക' - പരിശോധിക്കുക.

30. 'പുരൂരവസ്' എന്ന കവിതയ്ക്ക് ഒരാസ്വാദനക്കുറിപ്പു തയ്യാറാക്കുക.

31. 'നടതള്ളപ്പെടുന്ന മാതൃത്വം' എന്ന പ്രമേയത്തെ 'അമ്മത്തൊട്ടിൽ' എന്ന കവിതയിൽ ആവിഷ്ക്കരിച്ചിരിക്കുന്നതെങ്ങനെ ?

**(6 × 4 = 24 Marks)**

## SECTION – D

***നാലു പുറത്തിൽ** കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.*

32. ‘ദാമ്പത്യപ്രണയത്തിന്റെ ശക്തിസൗന്ദര്യങ്ങളെ ‘ഊഞ്ഞാലിൽ’ എന്ന കവിതയിൽ ആവിഷ്ക്കരിക്കുന്നു.’ ചർച്ച ചെയ്യുക.
33. ‘അഗ്നിശലഭങ്ങൾ’ എന്ന കവിതയ്ക്ക് സാർവ്വകാലിക പ്രസക്തിയുണ്ട് - പരിശോധിക്കുക.
34. ‘പ്രകൃതിക്കും പ്രകൃതിയോടിണങ്ങി ജീവിക്കുന്ന മനുഷ്യനുമെതിരെ വളരുന്ന നാഗരികതയുടെ ആസുരതയ്ക്കെതിരായ ഗർജ്ജനമാണ് ‘കിരാതവൃത്തം’ - വിമർശനാത്മകമായി വിലയിരുത്തുക.
35. ‘കറുത്തചെട്ടിച്ചികൾ’ എന്ന കവിതയുടെ സമകാലികപ്രസക്തി വിലയിരുത്തുക ?

**(2 × 15 = 30 Marks)**

∫*∫*∫*∫*∫*∫*∫*∫*∫*∫*∫*∫*∫*∫*∫*∫*